**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4504** **29-10-2021 - ൽ മറുപടിയ്ക്ക്**

**പ്രാക്തന ഗോത്ര സമൂഹങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. എ. രാജ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള പട്ടിക ഗോത്ര വർഗ്ഗത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ ജനസംഖ്യാനുപാതികമായ സ്ഥിതിവിവര കണക്കുകൾ ലഭ്യമാണോ; | (എ) | ലഭ്യമാണ്. |
| (ബി) | പ്രാക്തന ഗോത്ര വർഗ്ഗത്തിൽപ്പെട്ട വിവിധ ആദിവാസി വിഭാഗങ്ങൾ അന്യംനിന്ന് പോകുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി എന്താണെന്ന് വെളിപ്പെടുത്താമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | വനാന്തരങ്ങളിൽ അധിവസിക്കുന്ന പട്ടിക ഗോത്ര വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള ഇടപെടലുകൾ എന്തെല്ലാം? | (സി) | പട്ടികവർഗ്ഗ വിഭാഗത്തിൽ തന്നെ സാമുദായികമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരവുമായെല്ലാം തന്നെ ഏറ്റവും താഴെത്തട്ടിലുള്ള വിഭാഗമാണ് പണിയർ, അടിയാൻ, മലപണ്ടാരം, അരനാടൻ, മരപ്പലയൻ തുടങ്ങിയ വിഭാഗക്കാർ. അടിയ, പണിയ തുടങ്ങിയ വിഭാഗക്കാരുടെ വരുമാന മാർഗ്ഗം കൂലിപണിയും കാലി വളർത്തലുമാണ്. മുഖ്യധാരയിലേയ്ക്ക് വരാൻ വിമുഖത കാണിക്കുന്ന ടി വിഭാഗത്തിന്റെ ഉന്നമനത്തിനായി വകുപ്പ് തലത്തിൽ ധാരാളം പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. വകുപ്പ് വിഭാവനം ചെയ്യുന്ന എല്ലാ പദ്ധതികളിലും ടി വിഭാഗക്കാരെ മുൻഗണനാ ക്രമത്തിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിവരുന്നുണ്ട്. ഇത് കൂടാതെ ടി വിഭാഗത്തിന്റെ ഉന്നമനം മാത്രം ലക്ഷ്യം വച്ച് അടിയ-പണിയ പാക്കേജ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആയതിന്റെ ഭാഗമായി വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുന്നതിനായി രണ്ട് ജോടി യൂണിഫോം, ചെരുപ്പ്, ബാഗ്, കുട മുതലായ പഠനോപകരണങ്ങളും സൗജന്യമായി നൽകി സ്കൂളിൽ എത്താത്ത കുട്ടികളെ പ്രമോട്ടർമാരും |

| | | | |
|---|---|---|---|
| | | | കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സും നേരിട്ട് താമസസ്ഥലത്ത് എത്തി സ്കൂളിൽ എത്തിക്കാറുണ്ട്. കൂടാതെ ടിയാളുകളുടെ സാമൂഹിക ഉന്നമനത്തിനായി സ്വയം തൊഴിൽ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ആട്, കറവപശു എന്നിവ വിതരണം നടത്തി വരുന്നു. കാർഷികവൃത്തികളിൽ പുരോഗതി കൈവരിക്കുന്നതിന് ധനസഹായവും അനുവദിച്ചു വരുന്നു. മദ്യപാനം, ലഹരി ഉപയോഗം ഇവ ഒഴിവാക്കുന്നതിന് ശക്തമായ ബോധവൽക്കരണ ക്ലാസുകൾ നൽകി വരുന്നുണ്ട്. അടിയ-പണിയ വിഭാഗത്തിൽപ്പെട്ട ഉൾവനങ്ങളിൽ താമസിക്കുന്നവർക്ക് ഗതാഗത സൗകര്യം, വന്യമൃഗ ജീവികളിൽ നിന്നും സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനും വകുപ്പ് മുഖേനയും ടി.ആർ.ഡി.എം മുഖേനയും നടപടികൾ സ്വീകരിച്ചു വരുന്നു. ഉൾക്കാടുകളിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള പുനരധിവാസ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതിക്കായി 250 ലക്ഷം രൂപ വകയിരുത്തി മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ